# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3795 — 31-01-2014-ൽ മറുപടിക്ക്

### ബിനാനി സിങ്ക് കമ്പനിയ്ക്ക് ലോഡ് ഫാക്ടർ ഇൻസെന്റീവ് അനുവദിക്കണമെന്ന ആവശ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എസ്. ശർമ്മ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) ഏതെങ്കിലും വൈദ്യുതി ഉപഭോക്താവ് താരീഫ് കുറച്ചുതരണമെന്ന് ആവശ്യപ്പെട്ട് റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയാൽ ആ അപേക്ഷ പരിഗണിച്ച് നടപടികൾ സ്വീകരിക്കാൻ റഗുലേറ്ററി കമ്മീഷന് അധികാരമുണ്ടോ ; | (എ) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2003-ൽ പുറപ്പെടുവിച്ചിട്ടുള്ള 'കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കൺടക്ട് ഓഫ് ബിസിനസ് റഗുലേഷൻ 2003'–ലെ വ്യവസ്ഥകൾക്ക് വിധേയ- മായാണ് കമ്മീഷനു മുൻപാകെ വരുന്ന അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നത്. ടി, വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനു മുൻപാകെ വരുന്ന പരാതികൾ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും, ടി പെറ്റീഷനുകൾ നിയമാനുസൃത മുള്ളതല്ലെങ്കിൽ നിരാകരിക്കുന്നതിനും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന് അധികാരമുണ്ട്. |
| (ബി) ലോഡ് ഫാക്ടർ പരിഗണിച്ച് ഇൻ-സെന്റീവ് നൽകി ചാർജ്ജിൽ കുറവു വരുത്തണം എന്നാവശ്യപ്പെട്ട് ബിനാനി സിങ്ക് കമ്പനി റഗുലേറ്ററി കമ്മീഷന് അപേക്ഷ സമർപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത അപേക്ഷയിൽ റഗുലേറ്ററി | (സി) പ്രസ്തുത അപേക്ഷയിൽ സംസ്ഥാന വൈദ്യുതി |

കമ്മീഷൻ എന്തു നടപടിയാണ് സ്വീകരിച്ചത്;

റഗുലേറ്ററി കമ്മീഷൻ 18.12.2013-ൽ പൊതു തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. എന്നാൽ ഇതിൻമേൽ ഉത്തരവിറക്കിയിട്ടില്ല.

(ഡി) ലോഡ് ഫാക്ടർ സംബന്ധിച്ച് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷന് നൽകിയ റിപ്പോർട്ട് ബിനാനി സിങ്ക് കമ്പനിക്ക് പൊതു തെളിവെടുപ്പിന് മുമ്പുതന്നെ ചോർത്തികിട്ടി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.?

(ഡി)
(ഇ) ബിനാനി സിങ്ക് വൈദ്യുതി റഗുലേറ്ററി കമ്മീഷന് മുൻപാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷയിലെ എതിർകക്ഷി സംസ്ഥാന വൈദ്യുതി ബോർഡ് ആണ്. എതിർകക്ഷി എന്ന നിലയിൽ സംസ്ഥാന വൈദ്യുതി ബോർഡ് കമ്മീഷന് മുൻപാകെ നൽകുന്ന റിപ്പോർട്ടുകളുടെ പകർപ്പുകൾ വാദിക്ക് നൽകണമെന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2003-ൽ പുറപ്പെടുവിച്ചിട്ടുള്ള 'കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കൺടക്ട് ഓഫ് ബിസിനസ് റഗുലേഷൻ 2003' –ലെ വിവിധ ഖണ്ഡികകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾക്ക് വിധേയമായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ബിനാനി സിങ്ക് ലോഡ് ഫാക്ടർ ഇൻസന്റീവ് ഏർപ്പെടുത്തണമെന്ന അപേക്ഷ നടപ്പാക്കേണ്ടതുണ്ടെന്നുള്ള റിപ്പോർട്ട് 12.12.2013' -ൽ കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ബിനാനി സിങ്കിനും നൽകിയിട്ടുണ്ട്. കൂടാതെ പൊതു തെളിവെടുപ്പിന് മുൻപുതന്നെ വൈദ്യുതി ബോർഡ് കമ്മീഷന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്

സെക്ഷൻ ഓഫീസർ